"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങളുടെ സംഘാടനം സംബന്ധിച്ച വിവരം തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ അവതരിപ്പിക്കുന്നതിനുള്ള ചുമതല ഇന്റേണൽ വിജിലൻസ് ഓഫീസർമാർക്ക് നൽകിക്കൊണ്ടുള്ള സ.ഉ.(സാധാ) നം.341/2025/LSGD; തീയതി 04.02.2025 ഉത്തരവ് ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1078/2025/LSGD തീയതി,തിരുവനന്തപുരം, 29-04-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം.341/2025/LSGD; തീയതി 04.02.2025

**ഉത്തരവ്**

പദ്ധതി ആസൂത്രണ മാർഗ്ഗരേഖകളുടെ ഖണ്ഡിക 3.2.1 (5) പ്രകാരം, ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങളുടെ സംഘാടനം സംബന്ധിച്ച സംക്ഷിപ്ത വിവരം തയ്യാറാക്കി വാർഷിക പദ്ധതി അംഗീകാരത്തിനുള്ള ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ അവതരിപ്പിക്കുന്നതിനുള്ള ചുമതല, പെർഫോമൻസ് ആഡിറ്റ് ചുമതലയുള്ള ഉദ്യോഗസ്ഥന് ആയിരുന്നു. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് നിലവിൽ വന്നതോടെ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തിക ഇല്ലാതായി എന്നും അതിനാൽ ഈ ചുമതല സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെട്ടത് പ്രകാരം, പ്രസ്തുത ചുമതല ഇന്റേണൽ വിജിലൻസ് ഓഫീസർമാർക്ക് നൽകി പരാമർശിത ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 3 ൽ 'ഏകീകൃത തദ്ദേശഭരണ പൊതു സർവ്വീസ് പ്രാബല്യത്തിൽ വന്നപ്പോൾ ഗ്രാമ-ബ്ലോക്ക്-മുനിസിപ്പാലിറ്റികളിലെ പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിർത്തലാക്കിയിട്ടുണ്ട്" എന്ന് പരാമർശിച്ചിരുന്നു.

2. നിലവിൽ ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ഗവൺമെന്റ് സെക്രട്ടേറിയേറ്റിൽ നിന്നുള്ള ഉദ്യോഗസ്ഥർ പെർഫോമൻസ് ഓഡിറ്റ് നടത്തിവരുന്നുണ്ട് എന്നതിനാൽ, പരാമർശിത ഉത്തരവിന്റെ ഖണ്ഡിക 3 ചുവടെ പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏകീകൃത തദ്ദേശഭരണ പൊതു സർവ്വീസ് പ്രാബല്യത്തിൽ വന്നപ്പോൾ ഗ്രാമപഞ്ചായത്തുകളുടെയും, മുനിസിപ്പാലിറ്റികളുടെയും പെർഫോർമൻസ് ഓഡിറ്റ് വിഭാഗങ്ങൾ നിർത്തൽ ചെയ്യുകയും അവയെ ഇന്റേണൽ വിജിലൻസ് സംവിധാനങ്ങളായി മാറ്റുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർ നിലവിലില്ലെങ്കിലും

ഇന്റേണൽ വിജിലൻസ് സംവിധാനം നിലവിലുണ്ട്. എന്നാൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലും, മുനിസിപ്പൽ കോർപ്പറേഷനുകളിലും പെർഫോമൻസ് ഓഡിറ്റ് വിഭാഗം നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ പരാമർശം 1, 2 ആസൂത്രണ മാർഗ്ഗരേഖകളുടെ ഖണ്ഡിക 3.2.1(5)ൽ നിർദ്ദേശിച്ചതുപോലെ, ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങളുടെ സംഘാടനം, പങ്കാളിത്തം, ചർച്ച, തീരുമാനം എന്നിവ സംബന്ധിച്ച സംക്ഷിപ്ത വിവരം തയ്യാറാക്കി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അംഗീകാരത്തിനുള്ള ജില്ലാ ആസൂത്രണ സമിതിയോഗത്തിൽ അവതരണം നടത്തുന്നതിനുള്ള ചുമതല ഇന്റേണൽ വിജിലൻസ് ഓഫീസർമാർക്ക് നൽകി ഉത്തരവാകുന്നു. മുനിസിപ്പൽ കോർപ്പറേഷനുകളിൽ നിലവിലെ സ്ഥിതി തന്നെ തുടരാവുന്നതാണ്.'

3. പരാമർശിത ഉത്തരവ് മേൽ ഭേദഗതിയോടെ മാത്രം നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ
9. ഡയറക്ടർ-അർബൻ
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 30-04-2025 07:12:55

സെക്ഷൻ ഓഫീസർ